10 (*186) **വൈദ്യുതി രംഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി**

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :

ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കാനും വൈദ്യുതി രംഗം കാര്യക്ഷമമാക്കുന്നതിനും കൂടുതൽ സബ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര കോടി രൂപ ഏതെല്ലാം ഏജൻസികളിൽ നിന്നും സംഭരിക്കാനാണുദ്ദേശിച്ചിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ;

(സി) ഈ സബ്സ്റ്റേഷനുകൾ എപ്പോൾ മുതൽ പ്രവർത്തിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്. വരുന്ന രണ്ടു വർഷത്തിനുള്ളിൽ 36 നൂറ്റിപ്പത്തു കെ.വി. സബ്സ്റ്റേഷനുകളും 15 അറുപത്തിയാറ് കെ.വി.സബ്സ്റ്റേഷനുകളും നിർമ്മിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) ഗ്രാമീണ വൈദ്യുതീകരണ

| | | |
|---|---|---|
| കോർപ്പറേഷനുകൾ | - | 456.87 കോടിരൂപ |
| ഒ.ഇ.സി.എഫ് | - | 34.75 കോടി രൂപ |
| കെ.പി.എഫ്.സി. | - | 41.6 കോടി രൂപ |
| ലോകബാങ്ക് (ജി.ഐ.എസ്. സബ് സ്റ്റേഷനുകൾ) | - | 64.46 |

(സി) ഈ സബ്സ്റ്റേഷനുകൾ = 2000-ാമാണ്ടിലും = 2001-ലുമായി പ്രവർത്തിപ്പിച്ചു തുടങ്ങുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

11 (*187) **"ദ്രവീകൃത പ്രകൃതി വാതക വൈദ്യുതി നിലയങ്ങൾ"**

പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. രാജു :
ശ്രീ. പി.എസ്. സുപാൽ :

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് ദ്രവീകൃത പ്രകൃതി വാതക വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ദേശീയ താപവൈദ്യുതി കോർപ്പറേഷനിൽനിന്നും ഇതിനായി എന്തെല്ലാം സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഇപ്രകാരം ഉല്പാദിപ്പിക്കുന്ന വൈദ്യുതി യൂണിറ്റ് ഒന്നിന് എന്ത് തുക ചെലവാകുമെന്നും ഉപഭോക്താവിന് എന്ത് തുകയ്ക്ക് നൽകാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) പെട്രോനെറ്റ് എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഒരു കൺസോർഷ്യം എൽ.എൻ.ജി. ടെർമിനൽ കൊച്ചിയിൽ സ്ഥാപിക്കാൻ നടപടികൾ എടുത്തുവരുന്നുണ്ട്.

ഇതിനാവശ്യമായ 50 ഹെക്ടർ സ്ഥലം കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. എൽ.എൻ.ജി. ലഭ്യത ഉറപ്പു വരുത്തുന്ന ദീർഘ കാല കരാർ ഖത്തറിലെ റാസ ഗ്യാസ്-ലൊ ബിൽ എന്ന കമ്പനിയുമായി പെട്രോനെറ്റ് എൽ.എൻ.ജി. കമ്പനി ഒപ്പു വച്ചിട്ടുണ്ട്. പെട്രോനെറ്റ് എൽ.എൻ. ജി.യിൽ ഷെയർ എടുക്കുന്നതിലേക്കായി സംസ്ഥാന ഗവൺമെന്റ് ടോക്കണായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടെർമിനൽ സ്ഥാപിക്കുന്നതിനായി ഇ.പി.സി. കോൺട്രാക്ടറെ തെരഞ്ഞെടുക്കുന്ന പ്രാഥമിക നടപടികൾ പൂർത്തിയായി വരുന്നു.

(സി) കൊച്ചിയിൽ പെട്രോനെറ്റ് എൽ.എൻ.ജി. സ്ഥാപിക്കാനുദ്ദേശിക്കുന്ന എൽ.എൻ.ജി. ടെർമിനലിൽ നിന്നുള്ള എൽ.എൻ.ജി ഉപയോഗിച്ച് കായംകുളം തെർമൽ പദ്ധതി 1950 മെഗാവാട്ടുകൂടി ഉൽപ്പാദനശേഷി ഉയർത്തുവാൻ എൻ.ടി.പി.സി. തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) വൈദ്യുതിയുടെ വില അപ്പോൾ നിലവിലുള്ള ഇന്ധനവിലയെ ആശ്രയിച്ചാണിരിക്കുന്നത്. ഇന്ധനവിലയെ സംബന്ധിച്ചുള്ള കരാർ മേൽപ്പറഞ്ഞ കമ്പനികൾ പെട്രോനെറ്റ് എൽ.എൻ.ജി.യുമായി ഇതുവരെ ഒപ്പിട്ടിട്ടില്ലാത്തതിനാൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് എന്തു വില വരുമെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. എന്നാൽ എൽ.എൻ.ജി.യുടെ ലഭ്യതയ്ക്കായി ദീർഘ കാല കരാറുള്ളതിനാൽ വിലയിൽ ഗണ്യമായ ഏറ്റക്കുറച്ചിലുകൾ പ്രതീക്ഷിക്കുന്നില്ല.

**12 (*188) സ്പോട്ട് ബില്ലിംഗ് സമ്പ്രദായം**

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. എം.കെ. മുനീർ :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോട്ട്ബില്ലിംഗ് സമ്പ്രദായമനുസരിച്ച് എത്രമാസത്തെ വിദ്യുച്ഛക്തി ഉപയോഗത്തിനാണ് ബില്ലു നൽകുന്നത്;

(ബി) ഓരോ മാസത്തെയും ചാർജ്ജ് പ്രത്യേകം പ്രത്യേകം കണക്കാക്കിയാൽ വരുന്ന തുകയിൽനിന്നും കൂടുതൽ തുക ഉപഭോക്താവ് രണ്ടു മാസത്തേയ്ക്കുള്ള മൊത്തം കറണ്ട് ചാർജ്ജ് ഒരുമിച്ച് കണക്കാക്കുമ്പോൾ കൊടുക്കേണ്ടി വരുന്നതായി ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly